പതിനാലാം കേരള നിയമസഭ
പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1955** **06.02.2019-ൽ മറുപടിയ്ക്ക്**

## കൊച്ചി മെട്രോയിൽ നിന്നുള്ള ടിക്കറ്റ് ഇതര വരുമാനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ് | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കൊച്ചി മെട്രോയിൽ നിന്ന് ടിക്കറ്റ് ഇതര വരുമാനം വരുന്നത് ഏതെല്ലാം രീതിയിലാണെന്ന് വ്യക്തമാക്കാമോ; | (എ) | മെട്രോ തൂണുകളിലും, മീഡിയനുകളിലും, സ്റ്റേഷനുകൾക്കുള്ളിലും പുറത്തും, അതുപോലെ ട്രെയിനുകൾക്കുള്ളിലും പുറത്തും, QR ടിക്കറ്റുകൾക്ക് മറുപുറത്തും പരസ്യം നൽകുന്നതിനുള്ള അവകാശം നൽകിയും, മെട്രോ സ്റ്റേഷനുകളുടെ പേരിനൊപ്പം സ്ഥാപനങ്ങളുടെ പേരുകൾ ചേർത്ത് പ്രദർശിപ്പിക്കുന്നതിനുള്ള അവകാശം നൽകിയും, സ്റ്റേഷനുകളിലുള്ള സ്ഥലസൗകര്യം വാണിജ്യാവശ്യങ്ങൾക്കായും, സ്റ്റേഷനുകൾക്കുള്ളിലുള്ള സ്ഥലം ഓഫീസാവശ്യത്തിനും വാടകയ്ക്ക് നൽകിയും, ടെലികോം ടവറുകൾ സ്ഥാപിക്കുവാൻ സ്ഥലം നൽകിയും, കാർ പാർക്കിംഗിനുള്ള സൗകര്യം വാടകയ്ക്ക് നൽകിയും, സ്റ്റേഷനുകളേയും സമീപത്തുള്ള വ്യാപാര സമുച്ചയങ്ങളേയും ബന്ധിപ്പിക്കുന്ന പാത (ലുലു, ചെന്നൈ സിൽക്ക്സ് തുടങ്ങിയവയിലേയ്ക്ക് ഈ സൗകര്യം നൽകിക്കഴിഞ്ഞു), ഫോട്ടോഗ്രാഫിയ്ക്കും, ഷൂട്ടിംഗിനും ഉള്ള സൗകര്യം നൽകുക എന്നിവ വഴിയാണ് കൊച്ചി മെട്രോയ്ക്ക് ടിക്കറ്റ് ഇതര വരുമാനം ലഭിക്കുന്നത്. |
| (ബി) | ടിക്കറ്റ് ഇതര വരുമാനം വഴി പ്രതിവർഷം ശരാശരി എന്ത് വരുമാനമാണ് ലഭിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ബി) | 2017-18 സാമ്പത്തിക വർഷത്തിൽ 1242.77 ലക്ഷം രൂപയും, 2018-19 സാമ്പത്തിക വർഷത്തിൽ 2018 ഡിസംബർ വരെ 4194.30 ലക്ഷം രൂപയും ടിക്കറ്റ് ഇതര വരുമാനയിനത്തിൽ കൊച്ചി മെട്രോയ്ക്ക് ലഭിച്ചു. |

സെക്ഷൻ ഓഫീസർ